
2008 ജനുവരി 1–15 വില 12 രൂപ
ജ്യോതിഷരത്നം
സങ്കടം തീർക്കുന്ന സങ്കടഹര ചതുർത്ഥിവ്രതം
ശ്രീകൃഷ്ണൻ അനുഭവിച്ച സംസാരദുഃഖം
2008 നിങ്ങൾക്ക് എങ്ങനെ?
ഇഷ്ടവരനെ ലഭിക്കാൻ..
തിരുവാഭരണ മണിഞ്ഞ ആ തിരുമേനി കാണാൻ
ഈശ്വരാധീനമുള്ളവന് പരിമിതികളില്ല
–ചങ്ങഴശ്ശേരി നാരായണൻ നമ്പൂതിരി

# ഈശ്വരാധീനമുള്ളവന് പരിമിതികളില്ല

**ചങ്ങഴശ്ശേരി നാരായണൻ നമ്പൂതിരി**

ഭക്തിയുടെ അനന്ത സാധ്യതകൾ സ്വാനുഭവത്തിലൂടെ നമുക്ക് കാട്ടിത്തരുകയാണ് 'ചങ്ങഴശ്ശേരി നാരായണൻ നമ്പൂതിരി.' താന്ത്രികശാസ്ത്രത്തിലും, മന്ത്രവാദശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും അത്യപൂർവ്വമായ പാരമ്പര്യം അവകാശപ്പെടുന്ന പരമ്പരയാണ് ചങ്ങഴശ്ശേരി നമ്പൂതിരിമാർ. തലമുറകൾ അനവധി മുമ്പ്, ഈ ഇല്ലത്തെ ഒരു കാരണവർ ശ്രീപോർക്കലീദേവിയെ ധ്യാനിച്ച് സ്വന്തം ഇല്ലത്തേക്ക് കൊണ്ടുവന്നു. ഇന്നിപ്പോൾ രാമപുരം വില്ലേജിൽ കൊണ്ടമറുക് മനയ്ക്കലെ വിഷ്ണുക്ഷേത്രത്തിനുസമീപമായി കാണുന്ന സർവ്വബാധാനിവാരിണിയായ ഭഗവതിയെയാണ് ചങ്ങഴശ്ശേരി കാരണവർ കൂട്ടിക്കൊണ്ടുവന്നത്. ഇന്നും കൊണ്ട മറുകിലെ മേടഗുരുതിയുടെ ചെലവെല്ലാം ചങ്ങഴശ്ശേരിയാണ് നടത്തുന്നത്. മേടസംക്രാന്തിനാളിലെ വലിയ ഗുരുതിപൂജ, ചങ്ങഴശ്ശേരി പൂജ തുടങ്ങി പകുതിതീർന്നശേഷമേ കൊണ്ടമറുക് പൂജ തുടങ്ങുകയുള്ളൂ. ചരിത്രപ്രകാരം കൊണ്ടമറുകിലെ ഭഗവതിയുടെ അവകാശികൾ ചങ്ങഴശ്ശേരി തന്നെയാണെന്നാണ്. ഉഗ്രമൂർത്തിയായ ശ്രീപോർക്കലീ ദേവിയെ ധ്യാനിക്കയാൽ തനിക്ക് ലഭ്യമായ അപൂർവ്വ അനുഗ്രഹകഥയിലേയ്ക്കാണ് ഈ വൃദ്ധ ബ്രാഹ്മണൻ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്.





ഫോട്ടോ: അശോക് കോതമംഗലം

തന്റെ ഇല്ലത്തിനടുത്തുള്ള ഒരു നായർ യുവതിയുടെ മതിഭ്രമം മാറ്റിയ സംഭവത്തെ, ഏറെ

ലാഘവത്തോടെ അൽപ്പം നർമ്മം കലർന്ന ഭാഷയിലൂടെയാണ് ഈ മാന്ത്രികശ്രേഷ്ഠൻ അവതരിപ്പിക്കുന്നത്. ആ നായർ യുവതിയെ കോഴിക്കോട്ടേയ്ക്കാണ് കല്യാണം കഴിച്ച് പറഞ്ഞയച്ചത്. കല്യാണം കഴിഞ്ഞ് നാലാഴ്ച ആയപ്പോൾ അവൾക്ക് ഭ്രാന്തിളകി. പല ആശുപത്രികളിലായി മാസങ്ങൾ പത്തിരുപത് ചികിത്സയും നടത്തി. ഒടുവിൽ ചെറുക്കൻ കൂട്ടർ ഗത്യന്തരമില്ലാതെ അവളെ പെണ്ണുവീട്ടിൽതന്നെ കൊണ്ടാക്കി. കോഴിക്കോട്ട്നിന്നും രാമപുരത്തുവരെ അവളെ എത്തിക്കാൻ ആ ചെറുക്കനും കൂട്ടരും ഇത്തിരിയൊന്നുമല്ല പ്രയാസപ്പെട്ടത്. കൈയും, കാലും, വായും കെട്ടിമുറുക്കിയാണ് അവർ അവളെ രാമപുരത്ത് എത്തിച്ചത്. വീടെത്തിയപ്പോൾ കാലിലെ കെട്ട് അഴിച്ചു. തന്റെ മകൾ ഭ്രാന്തിയായി തിരിച്ചെത്തിയത് കണ്ട അച്ഛൻ 'എന്റെ മോളേ' എന്ന് വിളിച്ച് ഓടിച്ചെന്നപ്പോൾ, കെട്ടഴിഞ്ഞ കാലുയർത്തി ആ കാരണവർക്ക് ആഞ്ഞൊരു ചവിട്ടുകൊടുത്തു മകൾ! മുറ്റത്ത് നിന്ന അച്ഛൻ താഴേപറമ്പിൽ ചെന്നിരുന്നു! ആരെയും തിരിച്ചറിയാൻ കഴിയാത്തതും, അക്രമസ്വഭാവം നിറഞ്ഞതുമായ ഭ്രാന്തിന്റെ ഏറ്റവും വലിയ ഉന്മാദാവസ്ഥയിലായിരുന്നു അവൾ.

അടുത്തദിവസം പെൺകുട്ടിയുടെ അച്ഛനും ചില ബന്ധുക്കളും കൂടി എന്നെ കാണാൻ വന്നു. 'തിരുമേനി ഒന്ന് വരണം. അവളുടെ കാര്യം അങ്ങ് തന്നെ ശരിയാക്കിത്തരണം.' ഇല്ലത്ത് പാരമ്പര്യമായി, മന്ത്രവാദവും വൈദ്യവുമുണ്ട്. ഇതൊക്കെ എനിക്ക് നന്നായി അറിയാമെന്നാണ് എല്ലാവരും ധരിച്ചിരിക്കുന്നത്. എന്നാൽ അവർ കരുതുന്നതുപോലെ ഞാനത്രകേമനൊന്നുമല്ല. ഈ കാര്യം അവരോട് പലതവണ ആവർത്തിക്കുകയും ചെയ്തു. എന്നാൽ മറ്റെങ്ങും ശരണമില്ല എന്ന പ്രകാരം എന്നെ ആശ്രയിക്കുമ്പോൾ എങ്ങനെ ഒഴിഞ്ഞുമാറാൻ കഴിയും? പിറ്റേന്നു രാവിലെ ചെല്ലാമെന്ന് അവർക്ക് ഞാൻ വാക്ക് കൊടുത്തു. ഏറെ സന്തോഷത്തോടെ അവർ നടന്നുപോയതു കണ്ടപ്പോൾ എന്റെ മനസ്സിൽ അഗ്നിപടർന്നുയരുകയായിരുന്നു. മനസ്സിലെ നൂറുകൂട്ടം സംശയങ്ങൾക്ക് ശ്രീപോർക്കലീദേവിയുടെ രൂപം മാത്രമായിരുന്നു പരിഹാരമായി വിളങ്ങിനിന്നത്.

അടുത്ത പ്രഭാതത്തിൽ ആ നായർവീട്ടിലേയ്ക്ക് പോകുവാൻ ഞാൻ യാത്രതിരിച്ചപ്പോൾ പിന്നിൽനിന്നും ഭാര്യ പറഞ്ഞു. 'വല്ലവളുമാരുടേയും ചവിട്ടുകിട്ടാൻ പോവുകയാ... ' ഞാൻ മറുപടിയാതൊന്നും പറഞ്ഞില്ലെങ്കിലും എന്റെ മനസ്സിലെ ചിന്തയും അപ്രകാരം തന്നെ ആയിരുന്നു. നാളിതുവരെ കിട്ടാത്തത് കിട്ടിയാൽ നാട്ടുകാരുടെ മുന്നിൽ ഏത് ഭാവമാണ് നടിക്കേണ്ടത് എന്നതായിരുന്നു എന്റെ ചിന്ത.

അവളെ ഒരു മുറിയിലിട്ട് പൂട്ടിയിരിക്കുകയായിരുന്നു. 'തിരുമേനീ പൂട്ട് തുറന്നോളൂ അവളാ മുറിയിലുണ്ട്.' ഞാനെന്താണ് പറയുന്നത് എന്നറിയുവാൻ വേണ്ടി കുറെ ആൾക്കാരും അവിടെ കൂടിയിട്ടുണ്ട്. ആ വാതിൽ തുറന്നാൽ എന്താണ് സംഭവിക്കുക എന്നത്, എനിക്കോ, ആ നാട്ടാർക്കോ, ആ ഭ്രാന്തിക്കോ അറിയില്ല. എന്തായാലും വാതിൽ തുറക്കാതെ തിരികെ പോകുവാനും കഴിയില്ല. എല്ലാം ദേവിതന്നെ എന്ന് കരുതി ഞാൻ വാതിൽ തുറന്നു! അവൾ ആ മുറിയുടെ ജനലിന്റെ മുകളിൽ കയറി നിൽക്കുകയായിരുന്നു. അധികം ആജ്ഞാശക്തിയോടെ ഞാൻ പറഞ്ഞു 'താഴെ ഇറങ്ങു.'

അവൾ താഴെ ഇറങ്ങി എന്റെ അടുത്തേയ്ക്ക് നടന്നുവന്നു. 'നീ അവിടെ നിൽക്ക്.' അവൾ അവിടെ തന്നെ നിന്നു.

ഇനി ഞാൻ പറയുന്നതൊക്കെ നീ അനുസരിക്കണം. ഞാൻ കൽപ്പിച്ചു. അപ്പോൾ അവൾ മറുപടി പറഞ്ഞു.

ഞാൻ പറയുന്നത് താങ്കളും അനുസരിക്കണം!

ഞാൻ പറയുന്നത് ബോധത്തോടെയാണ്. അവൾ അപ്രകാരമല്ലല്ലോ? അവളുടെ ഉള്ളിലെ ബാധയാണ് അപ്രകാരം പറയുന്നത്. അപ്പോൾ പിന്നെ... ഞാൻ മറുപടി പറഞ്ഞു. ഉചിതമെന്ന് തോന്നുന്നത് ഞാൻ അനുസരിക്കാം.

അവൾ ശാന്തഭാവത്തിലായി.

'നിനക്കെന്താ ഭ്രാന്താണെന്ന് ഇവരൊക്കെ പറയുന്നു. ശരിയാണോ?'

ഏയ് എനിക്കൊന്നുമില്ല. അവൾ മറുപടി പറഞ്ഞു.

എന്നാൽ നീ ഒരു കാര്യം ചെയ്യ്. നാളെ

## ആഗ്രഹം

### അമിതമായാൽ



മഹാനായ ഒരു ഋഷിയോട് ഒരു ഭക്തൻ ചോദിച്ചു.

'എനിക്ക് ധാരാളം സമ്പത്തുണ്ടായിട്ടും മനസ്സിന് ഒരു സമാധാനവും ഇല്ല. എപ്പോഴും ഞാൻ അസ്വസ്ഥനാണ്. എന്താണിതിന് കാരണം?'

ഇതുകേട്ട ഋഷി, തന്റെ അടുത്തിരുന്ന ഒരു കുട്ടിക്ക് ഒരു ആപ്പിൾ നൽകി. കുട്ടി അതു വാങ്ങി. ഋഷി വീണ്ടും ഒരു ആപ്പിൾ നൽകി. മറ്റേ കൈകൊണ്ട് അതും വാങ്ങി. മൂന്നാമതായി ഒരാപ്പിൾകൂടി നൽകി. കുട്ടി രണ്ട് ആപ്പിളുകൾ നെഞ്ചോടുചേർത്ത് വച്ചിട്ട് മൂന്നാമത്തേത് വാങ്ങാൻ ശ്രമിച്ചപ്പോൾ നെഞ്ചത്തിരുന്നത് താഴെപ്പോയി. കുട്ടി കരയാനും തുടങ്ങി. ഉടനെ ഭക്തന്റെ നേരെ തിരിഞ്ഞ് ഋഷി പറഞ്ഞു. 'ഇതു കണ്ടില്ലെ. രണ്ട് ആപ്പിൾ മതിയെന്നു കരുതിയിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നോ? ആവശ്യത്തിൽ കവിഞ്ഞ് ആഗ്രഹമുണ്ടായാൽ ഇതായിരിക്കും ഫലം. നിങ്ങളുടെ സമാധാനക്കുറവിന്റെ കാരണം മനസ്സിലായല്ലോ?'

മുതൽ നാൽപ്പത്തിയൊന്ന് ദിവസം രാവിലെ കുളികഴിഞ്ഞ് ഇല്ലത്തേയ്ക്ക് വരുക...

ശരി. അവൾ സമ്മതിക്കുകയും ചെയ്തു.

ഇല്ലത്ത് വരുമ്പോൾ ഞാൻ ഭ്രാന്ത് ശമിക്കാൻ മരുന്ന് നൽകാമെന്ന് കൂടിനിന്നവരോട് പറഞ്ഞിട്ട് ഞാൻ ഒരുവിധം അവിടെനിന്നും മടങ്ങിപ്പോന്നു.

ചങ്ങഴശ്ശേരി നാരായണൻ നമ്പൂതിരി തികഞ്ഞ സാത്വികൻതന്നെയാണ്.

തന്റെ കേമത്തങ്ങളെ പെരുക്കിക്കാട്ടുവാൻ ഒരു കാലവും ഇദ്ദേഹം ശ്രമിച്ചിട്ടില്ല. ചങ്ങഴശ്ശേരിയെ കണ്ടാൽമതി ഏത് ഉന്മാദവും അപ്പോൾ ശമിക്കും എന്നാണ് പലരും പറഞ്ഞ് കേട്ടിട്ടുള്ളത്. ഉഗ്രമൂർത്തിയായ ശ്രീപോർക്കലീ ദേവിയുടെ നിത്യോപാസകനായ നാരായണൻ നമ്പൂതിരിയുടെ ദേവീ ഉപാസനയുടെ അത്ഭുതഭാവമാണ് ഇനി നാം തിരിച്ചറിയുന്നത്. ദേവി നേരിട്ടുവന്ന് ഭ്രാന്ത് മാറ്റി എന്നുതന്നെ വിശ്വസിക്കാവുന്ന സംഭവം. ഏറെ രസകരമായ ഭാഷയിൽ തുടരുകയാണ് ചങ്ങഴശ്ശേരി.

അടുത്തദിവസം രാവിലെ കുളിയും തേവാരവുമൊക്കെ കഴിഞ്ഞപ്പോഴാണ് ഞാൻ ഓർത്തത്...

ഓളന്ന് ശകുനം വരുന്നത് ആ ഭ്രാന്തിയാണല്ലോ എന്നത്. അവൾക്ക് സേവിക്കാൻ മരുന്നും കൊടുക്കാമെന്ന് പറഞ്ഞിരുന്നു. ഇവിടെ അത്യാവശ്യം വല്ല ചുക്കോ മഞ്ഞൾപ്പൊടിയോ അല്ലാതെ മറ്റ് യാതൊന്നുമില്ല താനും. ഏതായാലും കുറെ ചുവന്നതുളസി ഇല ഉരുളിയിലിട്ട് ചതച്ച് നീരെടുത്ത് ആയിരത്തിഎട്ട് ഗായത്രിയും, ആയിരത്തിഎട്ട് ദേവീമൂല മന്ത്രവും ജപിച്ച് അവൾക്ക് കൊടുത്തു.

ആദ്യദിവസങ്ങളിൽ ചങ്ങലയിലിട്ടായിരുന്നു അവളെ കൊണ്ടുവന്നത്. എന്നാൽ ഏഴാംനാൾ മുതൽ ഏറെ ശാന്തമായി നടന്ന് തന്നെയാണ് എത്തിയത്. പിന്നെ തലയിൽ തേയ്ക്കാൻ ചില എണ്ണകളും, കഴിക്കുവാൻ ചില നെയ്യുമൊക്കെ ഞാൻ എഴുതിക്കൊടുത്തു. അവയെല്ലാം അവർ വാങ്ങുകയും ചെയ്തു. നാൽപ്പത്തിയൊന്ന് ദിവസമായപ്പോഴേയ്ക്കും ഞാൻ ജപിച്ചുകൊടുത്ത തുളസീതീർത്ഥം കുടിച്ച് അവളുടെ ശരീരത്തിൽ ദേവീസാന്നിധ്യമുണ്ടായി. പിന്നീട് ഒരു ചെറിയ പൂജ നടത്തി. വെറും മൂന്നുപ്രാവശ്യം മാത്രം ആവാഹിച്ച് ബാധയെമാറ്റി തൃപ്തിപ്പെടുത്തി പറഞ്ഞയയ്ക്കുകയും ചെയ്തു. എല്ലാം കഴിഞ്ഞപ്പോൾ എനിക്ക് പതിനഞ്ച് രൂപ ദക്ഷിണയും അവർ തന്നു. പിന്നീട് അവൾ ഭർത്താവിനൊപ്പം താമസം തുടങ്ങി. ഒന്നുരണ്ടു പ്രസവവുമൊക്കെ കഴിയുകയും



ചെയ്തു. കഴിഞ്ഞവർഷം ഒരു ചടങ്ങിൽ പങ്കെടുക്കുവാൻ കോഴിക്കോട്ട് ചെന്നപ്പോൾ അവൾ തന്റെ ഭർത്താവുമൊത്ത് വന്ന് എന്നെ കാണുകയും, അന്ന് പണമൊന്നും ഇല്ലാതിരുന്നതിനാലാണ് ദക്ഷിണ വേണ്ടവിധം തരാൻ കഴിയാത്തത് എന്ന് പരിഭവം പറയുകയും,

എനിക്ക് ഒരു പുതുവസ്ത്രം നൽകി നമസ്കരിക്കുകയും ചെയ്തു.

അൽപ്പനേരത്തെ മൗനത്തിന് ശേഷം ചങ്ങഴശ്ശേരി തിരുമേനി തുടർന്നു. ഇവളുടെ ബാധ വർത്തമാനം പറയുന്നതായിരുന്നു. ചോദ്യത്തിന് മറുപടി തരും. ഇപ്രകാരമുള്ള ബാധകൾ അത്ര പ്രശ്നമല്ല. എന്നാൽ വേറെ ചിലരുണ്ട് മിണ്ടില്ല! നമുക്ക് അവരിൽനിന്നും യാതൊന്നും മനസ്സിലാക്കാൻ കഴിയില്ല. അനുസരിക്കുമോ ഇല്ലയോ എന്നൊന്നും അറിയാൻ കഴിയില്ല. അത്തരം അവസ്ഥകൾ ഇത്തിരി ഭീകരം തന്നെയാണ്. അത്തരം ചില ബാധകൾ ഒഴിപ്പിക്കേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്.

## ഈശ്വരാധീനം

പണത്തിന് പരിമിതികളുണ്ട്. ധനവാന് വിഷമതകളുണ്ട്. എന്നാൽ ഈശ്വരാധീനമുള്ളവന് പരിമിതികളില്ല. പണത്താൽ സാധിക്കാത്തവ ഈശ്വരാധീനത്താൽ താനറിയാതെ തന്നെ സ്വന്തമായിത്തീരും. ധനവാനുചുറ്റും ശത്രുസഞ്ചയം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കും. ഈശ്വരാധീനമുള്ളവന്റെ നേർക്ക് ശത്രുക്കൾ അയയ്ക്കുന്ന കൂരമ്പുകൾ, അർജ്ജുനൻ ശിവനെ എയ്ത ശരമാരികൾ പൂമാരിയായി ശിവനെ മൂടിയതുപോലെയാണ് ഭവിക്കുക (കിരാതം കഥ). ഈശ്വരനിൽ നിഷ്കളങ്കമായ ഭക്തിയുള്ളവനെ അകാരണമായി ആരെല്ലാം എതിർത്താലും, അവരെ ഭഗവാൻതന്നെ വകവരുത്തും. പണത്താൽ എന്തും സാധിക്കും എന്നത് ഏതോ അഹങ്കാരി പറഞ്ഞ അഹങ്കാരവാക്കുകൾ മാത്രമാണ്. ഞാനിപ്പോൾ താമസിക്കുന്നത് ആലുവായ്ക്കടുത്ത് വാഴക്കുളം എന്ന സ്ഥലത്താണ്. രാമപുരത്തെ പറമ്പ് വിറ്റ് ഇവിടേയ്ക്ക് മാറുക

### പഞ്ചസ്തംഭ ശിവക്ഷേത്രം

തമിഴ്നാട്ടിൽ വിരുത്താചലത്തിലെ ശ്രീ വിരുത്തീശ്വരക്ഷേത്രത്തിനു മറ്റുള്ള ശിവക്ഷേത്രങ്ങൾക്കില്ലാത്ത പ്രത്യേകതകൾ ഏറെയാണ്. ഇവിടെ അഞ്ച് എന്ന സംഖ്യക്ക് വളരെ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. അഞ്ച് നന്തികൾ, അഞ്ചുകൊടിമരങ്ങൾ, അഞ്ച് ഗോപുരങ്ങൾ, അഞ്ച് ചുറ്റമ്പലങ്ങൾ എല്ലാം ഇവിടെ അഞ്ച് അഞ്ച് വീതമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.



യാണ് ചെയ്തത്. ഈ പറമ്പിന് മറ്റൊരാൾ ഞാൻ പറഞ്ഞതിലും വില നൽകാൻ തയ്യാറായതായിരുന്നു. ഭഗവതീ ഇങ്ങോട്ട് മാറിയാൽ കുട്ടികളുടെ പഠിത്തകാര്യമൊക്കെ നടക്കുമായിരുന്നു എന്ന് മാത്രമേ ഞാൻ മനസ്സിൽ കരുതിയുള്ളൂ. ഏതോ കാരണങ്ങളാൽ ധനവാനായ മറ്റേ ആൾ പിൻവാങ്ങി. ഈ വസ്തു എനിക്ക് ലഭിക്കുകയും ചെയ്തു. എന്റെ കൈവശം അധികം ധനമൊന്നുമില്ല. ഞാനീ വസ്തു വാങ്ങി നാലാഴ്ച കഴിഞ്ഞപ്പോൾ, ഞാൻ വാങ്ങിയതിലും മൂന്നിരട്ടി തുകയ്ക്ക് ഈ വസ്തു ആവശ്യപ്പെട്ട് ആൾക്കാർ വന്നു! ധനം മോഹിച്ചു എങ്കിൽ ഉടൻതന്നെ എനിക്കിത് മറിച്ച് വിൽക്കാമായിരുന്നു. എന്നാൽ കുട്ടികളുടെ പഠന ആവശ്യം മാത്രമായിരുന്നു ഈ മാറിതാമസത്തിന്റെ പിന്നിൽ. ധനം മോഹിച്ചായിരുന്നെങ്കിൽ ദേവി എനിക്കൊപ്പം നിൽക്കില്ലായിരുന്നു.

തന്റെ ജീവിതത്തിലെ എല്ലാ സംഗതികളും ദേവി നടത്തിത്തരുന്നതാണെന്ന് പലപ്പോഴായി അനുഭവങ്ങളിലൂടെ വിവരിച്ചുതരികയായിരുന്നു നാരായണൻ തിരുമേനി. കഥകളി കണ്ടിരിക്കെ അരങ്ങത്ത് കയറി കഥകളിപ്പദം പാടിയതും, ഗുരുവായൂരപ്പന്റെ നടയ്ക്കൽ അഞ്ച് മിനിട്ട് നിന്ന് തൊഴണം എന്ന് തോന്നിയപ്പോൾ, തനിക്ക് മുൻപോ, പിൻപോ പരിചയമില്ലാത്ത മേൽശാന്തി, വാച്ച്മാനോട് പറഞ്ഞ് മറ്റാരേയും നടയ്ക്കലേയ്ക്ക് കടത്തിവിടാതെ ചങ്ങലവലിച്ചു കെട്ടിച്ച്; അഞ്ച് മിനിട്ട് തനിക്ക് മാത്രമായി ഭഗവാനെ തൊഴാനുള്ള അവസരം ഒരുക്കിത്തന്നതുമെല്ലാം ഭക്തിപാരവശ്യത്താൽ എണ്ണി എണ്ണി പറയുകയാണ് ഈ സാത്വികൻ.



ദേവീഭക്തിയുടെ പരിപൂർണ്ണസാധന മനസിൽ നിറഞ്ഞുനിൽക്കുന്നതിനാലാവാം. താൻ ചെയ്ത അനവധി അത്ഭുതമാന്ത്രികസിദ്ധികളെ ഏറെ ലാഘവത്തോടെ പറയുവാൻ നാരായണൻ തിരുമേനിക്ക് കഴിയുന്നത്. കൊണ്ടമറുകിലെ ഉഗ്രമൂർത്തിയായ ദേവിയെ കുട്ടിക്കൊണ്ടു വന്ന മുതുമുത്തച്ഛന്റെ ദേവീഭക്തി പാരവശ്യം ഇന്നിപ്പോൾ അൽപ്പം അധികമായി ഈ മുത്തച്ഛനിലും നിറഞ്ഞുനിൽക്കുന്നില്ലേ എന്ന് നിസ്സംശയം തോന്നുംപ്രകാരമായിരുന്നു സ്വാനുഭവവിവരണങ്ങൾ. തിരുമേനിയെ കണ്ട മാത്രയിൽ ബാധ ഒഴിഞ്ഞു! തിരുമേനി വന്ന് ഒരു പൂവ് ആ പീഠത്തിലൊന്നിട്ടാൽ മതി ഈ ക്ഷേത്രം പുരോഗമിക്കും എന്ന് തോട്ടുവാധന്വന്തരീ ക്ഷേത്രക്കാർ വന്ന് അപേക്ഷിച്ചു. തിരുമേനി ഒരു മാസത്തോളം അവിടെ പൂജകൾ ചെയ്തു. ഇന്നിപ്പോൾ കേരളം തിരിച്ചറിയുന്ന മഹാക്ഷേത്രങ്ങളുടെ പട്ടികയിൽ തോട്ടുവാ ധന്വന്തരീക്ഷേത്രവും എത്തപ്പെട്ടു. ഇങ്ങനെ നാരായണൻ തിരുമേനിയെക്കുറിച്ച് പറയുവാൻ കേമത്തങ്ങൾ അനവധിയാണ്. എന്നാൽ നേരിൽകാണുമ്പോഴോ? സ്വന്തമെന്ന് മറ്റുള്ളവർ പറയുന്നതെല്ലാം, ദേവിയുടെ സാക്ഷാൽ ശ്രീപോർക്കലിയുടെ അനുഗ്രഹം മാത്രമാണ്. ഏറെ വിനീതനാകുന്നു ഈ സാത്വികൻ.

കോട്ടവട്ടം




# തലവരയാണ് കൈരേഖ



Anil Vikneswar A.S.
M.A, MCA

നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും രോഗങ്ങൾ, മക്കളുടെ വിദ്യാഭ്യാസം ഏത് മേഖലയിൽ തുടങ്ങിയ ജീവിതത്തെ സ്പർശിക്കുന്ന കാര്യങ്ങൾ ശാസ്ത്രീയമായി കൈയിലൂടെ !

നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന കുടുംബദോഷങ്ങളും, തടസ്സങ്ങളും പരിഹരിക്കാൻ ശക്തമായ യന്ത്രങ്ങളും രക്ഷകളും ആചാര്യമാർ തയ്യാറാക്കി കൊടുക്കുന്നു.

നിങ്ങളുടെ ഉയർച്ചയ്ക്ക് കാരണമാകുന്ന അനുകൂല രത്നങ്ങളും, ഉപരത്നങ്ങളും നവരത്നമോതിരങ്ങളും ജാതകപ്രകാരം സർട്ടിഫിക്കറ്റോടെ തയ്യാറാക്കി കൊടുക്കുന്നു. കൂടാതെ ജാതകം, മുഹൂർത്തം, പൊരുത്തം !

**FAITH AND FORTUNE**
**INSTITUTE OF PALM, ASTRO & GEMOLOGY**
Padmavilasom Road, Inside Sivasakthi Kalyana Mandapam, Opp. Varma Travels, Fort P.O., Thiruvananthapuram. Mob: 9895260541

# ഭദ്രജ്യോതി

ഇഷ്ടവരദായിനി ശ്രീ ഭദ്രകാളിദേവിയുടെ അത്ഭുത സിദ്ധി



ബാല്യകാല തപസ്സിയും ശ്രീ കാളീദേവിയുടെ അരുളപ്പാടുണ്ടായി ചൈതന്യം സിദ്ധിച്ച മഹാൻമാരും, ഹനുമാൻ സ്വാമിയുടെ ഉപാസകരുമായ അരുൾ തിരുകാളി സേവകൻ വിശ്വരൂപ കാളീശൻ മഹാരാജ് നിങ്ങൾ പറയുന്ന പേരും, നാളും, വയസ്സും, തറവാട് പേരും അനുസരിച്ച് ഉണ്ടാവുന്ന പ്രശ്നങ്ങളെ കാളീദർശനത്തിലൂടെ അരുൾ വചനത്താൽ വ്യക്തമാക്കി തരുന്നു.

BHADRAJYOTHI
SREEBHADRAKALI
HANUMAN SWAMY POOJA MADAM

INDUSTRIAL ESTATE - F.C.I, PANAPANTHAL ROAD, PUDUPPARIYARAM P.O., OLAVAKKODE, PALAKKAD (Dt.), KERALA (St.), INDIA .PIN: 678733
Ph: 0491 2553452, 3165735 Mobile: 09495767997, 09895515722, 09249276877